# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാള ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി8)607/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 12/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാള ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി8)607/22 തീയ്യതി: 12/07/2022

## തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-12-2019 മുതൽ 21-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.ഷാജി | ജോയിന്റ് ഡയറക്ടർ | 04-04-2022 | 13-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-04-2022 | 13-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന.കെ.ടി, ഓഡിറ്റ് ഓഫീസർ
ശ്രീ. സിജു.പി.ഡാംസൺ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.എസ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സലീഷ്.എം.ജി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഇ.കേശവൻകുട്ടി | പ്രസിഡന്റ് | 01-04-2020 | 04-11-2020 |

| | | | |
|---|---|---|---|
| അഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 05-11-2020 | 20-12-2020 |
| ശ്രീമതി സന്ധ്യ നൈസൻ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി രമ്യ സി | സെക്രട്ടറി | 01-04-2020 | 09-08-2020 |
| ശ്രീമതി ജയസുരേന്ദ്രൻ | സെക്രട്ടറി | 10-08-2020 | 21-09-2020 |
| ശ്രീ സോജൻ പി.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-09-2020 | 19-10-2020 |
| ശ്രീമതി ജയസുരേന്ദ്രൻ | സെക്രട്ടറി | 20-10-2020 | 01-02-2021 |
| ശ്രീ സോജൻ പി.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-02-2021 | 07-02-2021 |
| ശ്രീ നാസർ.പി.എച്ച് | സെക്രട്ടറി | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുരജ.പി.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ധനീഷ്.എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 15-02-2021 |
| ശ്രീമതി ജമീല.പി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 16-02-2021 | 17-02-2021 |
| ശ്രീമതി.സുജിന.കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 18-02-2021 | 31-03-2021 |
| ശ്രീമതി ജൂണിജോസ് റോഡ്റിഗ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി സുനിത.പി.വി | വ്യവസായവികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ആശ.പി.എസ്. | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ഇ.ടി.ബിന്ദു | സീനിയർ വെറ്ററിനറി **സർജൻ** | 01-04-2020 | 29-05-2020 |
| ഡോ.ലാല.എ.എസ് | സീനിയർ വെറ്ററിനറി **സർജൻ** | 30-05-2020 | 31-05-2020 |
| ഡോ.മിനിരാധാകൃഷ്ണൻ | സീനിയർ വെറ്ററിനറി **സർജൻ** | 01-06-2020 | 07-07-2020 |
| ഡോ.സാബു.കെ.എ. | സീനിയർ വെറ്ററിനറി **സർജൻ** | 08-07-2020 | 31-03-2021 |
| സീനിയർ വെറ്ററിനറി **സർജൻ** | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സിന്ധുകുമാരി.ജി.എസ് | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2020 | 24-02-2021 |

| | | | |
|---|---|---|---|
| ശ്രീമതി സോണിയ. ആർ | "-ഇൻ-ചാർജ് | 01-03-2021 | 31-03-2021 |
| ഷബ്ബാസ് പടിയത്ത് | "-ഇൻ-ചാർജ് | 25-02-2021 | 28-02-2021 |
| ശ്രീമതി ജെസ്സി.വി.ഡി. | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 03-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 03-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Dhanya Dhileep (Auditor, On 17-04-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-7 |
| 8 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 19-04-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-8 |
| 9 | വാടക-സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 19-04-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-9 |
| 10 | വരവ് രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 19-04-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-10 |
| 11 | "280000000-Prior Period Item"- രേഖകളില്ലാതെ തുക എഴുതി തള്ളി<br>Written By: Siju P. Damson (Asst. Audit Officer, On 19-04-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-11 |
| 12 | രേഖകളില്ലാതെ ജേണൽ എൻട്രികൾ<br>Written By: Siju P. Damson (Asst. Audit Officer, On 19-04-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 03-07-2022) | 1-12 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 19-04-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-13 |
| 14 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല<br>Written By: Siju P. Damson (Asst. Audit Officer, On 19-04-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-14 |
| 15 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 19-04-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-15 |
| 16 | ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് ബാധ്യതയ്ക്ക് തത്തുല്യമായ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് ഇല്ല<br>Written By: Siju P. Damson (Asst. Audit Officer, On 19-04-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-16 |
| 17 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം | 1-17 |

| | | |
|---|---|---|
| | ഇല്ല<br>Written By: Siju P. Damson (Asst. Audit Officer, On 19-04-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | |
| 18 | റവന്യൂ ചെലവുകൾ ആസ്തികളായി രേഖപ്പെടുത്തി<br>Written By: Siju P. Damson (Asst. Audit Officer, On 19-04-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-18 |
| 19 | രസീതി പരിശോധന - അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 24-04-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-19 |
| 20 | ആളൂർ വ്യവസായ എസ്റ്റേറ്റ് - കോടതിവിധിപ്രകാരമുളള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 24-04-2022)<br>Last Updated By: Dhanya Dhileep (Auditor, On 05-05-2022) | 1-20 |
| 21 | ത്രിവേണി സൂപ്പർ മാർക്കറ്റ്-വാടകക്കരാറിൽ ഏർപ്പെടേണ്ടതും വാർഷികകണക്കിൽ സ്ഥാപനത്തെ ഉൾപ്പെടുത്തേണ്ടതുമാണ്<br>Written By: Dhanya Dhileep (Auditor, On 04-05-2022)<br>Last Updated By: Dhanya Dhileep (Auditor, On 05-05-2022) | 1-21 |
| 22 | മെറിറ്റോറിയസ് സ്കോളർഷിപ്പ് -മെറിറ്റിൽ പ്രവേശനം ലഭിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 24-04-2022)<br>Last Updated By: Dhanya Dhileep (Auditor, On 05-05-2022) | 1-22 |
| 23 | പി.എച്ച്.സി മാസ്പ്രയിലേയ്ക്ക് മരുന്നുവാങ്ങാൻ തുക നൽകിയതു സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 20-04-2022)<br>Last Updated By: Saleesh M.G (Asst. Audit Officer, On 05-05-2022) | 1-23 |
| 24 | പത്രപരസ്യത്തിന് തുക നൽകിയതുസംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 20-04-2022)<br>Last Updated By: Sheena K T (Audit Officer, On 08-05-2022) | 1-24 |
| 25 | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 24-04-2022)<br>Last Updated By: Dhanya Dhileep (Auditor, On 07-05-2022) | 1-25 |
| 26 | ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ പ്പെടാത്ത പദ്ധതി നടപ്പാക്കി<br>Written By: Dhanya Dhileep (Auditor, On 04-05-2022)<br>Last Updated By: Dhanya Dhileep (Auditor, On 05-05-2022) | 1-26 |
| 27 | നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് തെറ്റായി ജിഎസ് ടി നല്കി-18950 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 19-04-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-27 |
| 28 | ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി.<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 12-07-2022) | 1-28 |
| 29 | ഡയാലിസിസിന് ആരംഭിച്ച ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ അക്കൗണ്ടിൽ പ്ളാൻ ഫണ്ട് പിൻവലിച്ച് നിക്ഷേപിച്ചത് ചെലവഴിക്കാതെ അവശേഷിക്കുന്നു.<br>Written By: Sumitha T.S (Asst. Audit Officer, On 06-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 1-29 |
| 30 | ഡയാലിസിസ് ചാർജ്ജ് (So) – മാർഗ്ഗരേഖക്ക് വിരുദ്ധമായി നടത്തി.<br>Written By: Sumitha T.S (Asst. Audit Officer, On 06-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 03-07-2022) | 1-30 |
| 31 | ഡയാലിസിസ് യൂണിറ്റ് പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ പൂർണ്ണമല്ല<br>Written By: Sumitha T.S (Asst. Audit Officer, On 06-05-2022)<br>Last Updated By: Sheena K T (Audit Officer, On 08-05-2022) | 1-31 |
| 32 | മരുന്ന് വാങ്ങൽ മുഴുവൻ മരുന്നും ലഭ്യമയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-05-2022)<br>Last Updated By: Sheena K T (Audit Officer, On 08-05-2022) | 1-32 |
| 33 | സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി നിർദ്ദേശമില്ലാത്ത സാമഗ്രികൾ വാങ്ങി | 1-33 |

| | | |
|---|---|---|
| | Written By: Sumitha T.S (Asst. Audit Officer, On 06-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | |
| 34 | ടെണ്ടർ ഫീസ് ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ അക്കൗണ്ടിലേക്ക് അടവാക്കി<br>Written By: Sumitha T.S (Asst. Audit Officer, On 06-05-2022)<br>Last Updated By: Sheena K T (Audit Officer, On 08-05-2022) | 1-34 |
| 35 | ഡയാലിസിസ് യൂണിറ്റ് പദ്ധതികൾ -മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-05-2022)<br>Last Updated By: Sheena K T (Audit Officer, On 08-05-2022) | 1-35 |
| 36 | ട്രഷറി ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല.<br>Written By: Dhanya Dhileep (Auditor, On 07-05-2022)<br>Last Updated By: Sheena K T (Audit Officer, On 08-05-2022) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി.<br>Written By: Sheena K T (Audit Officer, On 03-06-2022)<br>Last Updated By: Sheena K T (Audit Officer, On 03-07-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 02-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 03-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sudha Das (Joint Director, On 12-07-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 20-3-2020 | 1(1) | 246354344 | 245726561 |

### 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിച്ച തിയതി | ലഭിക്കേണ്ട തിയതി |
|---|---|
| 11.6.2020 | 31-7-2021 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3753742 |
| വരവ് | 53475082 |
| ആകെ | 57228824 |
| ചെലവ് | 54370952 |
| നീക്കിയിരിപ്പ് | 2857872 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 24680639 | 23993343 | 687296 |
| വികസനഫണ്ട്-എസ് സി പി | 13628000 | 13296347 | 331653 |
| വികസനഫണ്ട്-ടി എസ് പി | 136000 | 0 | 136000 |
| മെയിന്റനൻസ്-റോഡ് | 0 | 0 | 0 |
| മെയിന്റനൻസ്-റോഡിതരം | 4309963 | 3998063 | 311900 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 4640000 | 1428549 | 3211451 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 4640000 | 4550000 | 90000 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ(തുക) | നടപ്പിലാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 117 | 70927283 | 80 | 47537672 | 6 | 31 | 67.02 |

### 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-04-2022 തീയതിയിൽ 3.45 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4130/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല.

പൂർത്തിയാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നതായി കാണുന്നില്ല.

## 1-8 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-9 വാടക-സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(4 കെട്ടിടങ്ങൾ) | 130100101-Rent From Building | 27007 | 31/3/21 | 42000012 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10 വരവ് രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.വാടക ഡിമാന്റ് രജിസ്റ്റർ

2.വാടക (ഓഡിറ്റോറിയം)

3.ലേലം രജിസ്റ്റർ

4.ടെണ്ടർ ഫോം വില്പന രജിസ്റ്റർ

## 1-11 "280000000-Prior Period Item"- രേഖകളില്ലാതെ തുക എഴുതി തള്ളി

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280800601-Prior Period Revenue Grants And Contribution | 56,000 (-113272 കുറയ്ക്കുക,ഈ ശീർഷകത്തിൽ രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള തുക(57272)) |

## 1-12 രേഖകളില്ലാതെ ജേണൽ എൻട്രികൾ

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-14 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 528524 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Usedup By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 895870രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-15 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.ആയതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് തുകകൾ, B-9 പ്രകാരമുള്ള "350800299-Other Liabilities" എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് തുക എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-16 ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് ബാധ്യതയ്ക്ക് തത്തുല്യമായ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|
| ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 320700205 | Contribution For Joint Venture Projects-District Panchayat | 192495 | | ഇല്ല | |

## 1-17 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ഇല്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|
| 450610105 | UBI Sakshratha | 6409 |
| 450610103 | UBI Planshare | 438386 |

| | | |
|---|---|---|
| 450450103 | Nabard RIDF | 100 |

ആയത് പരിശോധിച്ച് Prior Period Items ലേക്ക് ക്രമീകരിച്ച് മേൽ തുകകൾക്ക് തത്തുല്യമായ ബാധ്യത ശീർഷകം സൃഷ്ടിക്കേണ്ടതാണ്

## 1-18 റവന്യൂ ചെലവുകൾ ആസ്തികളായി രേഖപ്പെടുത്തി

ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ഉള്ളതായി കാണുന്നു.

| അക്കൌണ്ട് ശീർഷകം | തുക |
|---|---|
| 410300102- Roads Tarred | 5611095 |
| 410300103-Roads Metal | 3264796 |
| 410300301-Culverts | 1391709 |
| 410400101-Drinking Water Sources | 1361515 |
| 410400103-Drinking Water -Pipelines | 1598431 |
| 410500101-Irrigation Sources | 2042207 |
| 410500102-Irrigation -Distribution System | 916355 |
| 410600101-Electricity Mycro Hydel Project | 446091 |
| 410600102-Line Extension | 194350 |
| 410600104-Street Lights | 374796 |

ഈ ആസ്തികളിന്മേൽ ഡിപ്രിയിസേഷൻ കണക്കാക്കി വരുന്നുണ്ട്.മേൽ ആസ്തികൾ ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മിച്ച് നല്കിയവയോ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമാണം നടത്തി അതാത് സ്ഥാപനങ്ങൾക്ക് കൈമാറിയവയാണെന്നും കാണുന്നു.ആയതിനാൽ ഈ അസ്തികൾ പണി പൂർത്തിയാകുന്നമുറയ്ക്ക് അതാത് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നതും അതാത് സ്ഥാപനങ്ങൾ ബാലൻസ്ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടിയിരുന്നതുമാണ്.ബ്ലോക്ക് പഞ്ചായത്ത് ഇവ റവന്യൂ ചെലവ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതാണ്. മേൽ നിരീക്ഷണം പരിശോധിച്ച് കൈമാറിയിട്ടുള്ള അസ്തികൾ Prior Period Items ലേക്ക് ക്രമീകരിച്ച് ബാലൻസ്ഷീറ്റിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

## 1-19 രസീതി പരിശോധന - അപാകതകൾ

1.താഴെ പറയുന്ന സ്റ്റേഷണറി നമ്പറുകളിലുള്ള രസീതികളിൽ രസീതി നമ്പർ, തീയതി, തുക ഉൾപ്പെടെയുള്ള വിവരങ്ങൾ കൈകൊണ്ട് എഴുതി രേഖപ്പെടുത്തിയതായി ബോധ്യപ്പെട്ടു.

| സ്റ്റേഷണറി നമ്പർ | തീയതി | തുക | രസീതി നമ്പർ |
|---|---|---|---|
| C 4059748 | 9-6-2020 | 5721/- | രേഖപ്പെടുത്തിയിട്ടില്ല |
| C 4059814 | 6-9-2021 | 1888/- | 12020100012 |
| C 4059866 | 25-1-2022 | 590/- | രേഖപ്പെടുത്തിയിട്ടില്ല |
| C 4059867 | 28-1-2022 | 108/- | രേഖപ്പെടുത്തിയിട്ടില്ല |
| C 4059869 | 2-2-2022 | 3068/- | രേഖപ്പെടുത്തിയിട്ടില്ല |
| C 4059870 | 3-2-2022 | 2000/- | രേഖപ്പെടുത്തിയിട്ടില്ല |
| C 4059718 | രേഖപ്പെടുത്തിയിട്ടില്ല | 4165/- | രേഖപ്പെടുത്തിയിട്ടില്ല |

അക്കൗണ്ടിങ്ങ് സിസ്റ്റം കമ്പ്യൂട്ടറൈസ്ഡ് ആണെന്നിരിക്കെ വിവരങ്ങൾ കൈകൊണ്ട് രേഖപ്പെടുത്താനിടയായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ : 11, തീയതി : 12/04/2022).

2.സ്റ്റോക്ക് രജിസ്റ്റർ പരിപാലനം - അപാകതകൾ

സ്റ്റോക്ക് രജിസ്റ്ററിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമായ മാന്വൽ രസീതികളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.കൂടാതെ സാംഖ്യ രസീതികളുടെ സ്റ്റോക്ക് വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ മാന്വൽ രസീതി ബുക്കുകളുടെ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ , സാംഖ്യ രസീതികളുടെ സ്റ്റോക്ക്

വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-20 ആളൂർ വ്യവസായ എസ്റ്റേറ്റ് - കോടതിവിധിപ്രകാരമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ആളൂർ വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന ആദിത്യ എഞ്ചിനീയറിങ്ങ് (കെട്ടിടനമ്പർ : 7/356A) എന്ന സ്ഥാപനത്തിന് 5HP ഉപയോഗിച്ച് ഫേബ്രിക്കേഷൻ നടത്തുന്നതിനാണ് ലൈസൻസ് അനുവദിച്ചിരുന്നത്. എന്നാൽ ടി സ്ഥാപനത്തിന്റെ കരാർ കാലാവധി കഴിഞ്ഞതിനാലും ഗ്രാമപഞ്ചായത്ത് നല്കിയിട്ടുള്ള ലൈസൻസിന് വിരുദ്ധമായി കൂടുതൽ ഹോഴ്സ് പവർ ഉള്ള മോട്ടോർ ഉപയോഗിച്ച് പ്രവർത്തനം നടത്തുന്നതിനാലും പ്രസ്തുത വ്യവസായ കേന്ദ്രത്തിന്റെ നടത്തിപ്പ് കരാർ പുതുക്കി നല്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട് (കമ്മിറ്റി തീരുമാനം നമ്പർ :IX(2) /7-5-2019).

3/18 മുതൽ 3/19 വരെ വാടകയിനത്തിൽ കുറവ് വന്ന തുകയായ 7656/- രൂപ അടവാക്കണമെന്നും WP(C)11313/20, തീയതി : 14/07/2020 വിധി പ്രകാരം വാടക കുടിശ്ശിക രണ്ട് മാസത്തിനുള്ളിൽ അടവാക്കി കെട്ടിടം അടിയന്തിരമായി ഒഴിവാക്കി തരണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 6/1/2022 തീയതിയിൽ സി/443/2020 നമ്പർ കത്ത് പ്രസ്തുത സ്ഥാപനത്തിന് അയച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ കണ്ടു . ആയതിന്റെ തുടർ നടപടികൾ, നിലവിലെ അവസ്ഥ എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ : 7, തീയതി : 11/04/2022 ) കോടതിവിധിക്കുശേഷവും കെട്ടിടം ഒഴിയാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് വാടകയിനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കെട്ടിടം ഒഴിവാക്കി ലഭിക്കുന്നതിനും കെട്ടിടം ഒഴിവാകുന്നനാൾ വരെ വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കുന്നതിനും വേണ്ട നടപടികൾ ഉടൻ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ത്രിവേണി സൂപ്പർ മാർക്കറ്റ്-വാടകക്കരാറിൽ ഏർപ്പെടേണ്ടതും വാർഷികകണക്കിൽ സ്ഥാപനത്തെ ഉൾപ്പെടുത്തേണ്ടതുമാണ്

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലുള്ള SGSY കെട്ടിടത്തിൽ ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ(ഡി.ഡി)വകുപ്പിന്റെ നം.36250/ഡി.ഡി.3/11/ത.സ്വ.ഭ.വ , തീയതി :25/07/2011 ഉത്തരവ് പ്രകാരം SGSY കെട്ടിടത്തിലെ ആറ് മുറികൾ 2 വർഷത്തേക്ക് ത്രിവേണി സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിന് താൽക്കാലികമായി വിട്ടുനൽകുവാനും പിന്നീട് 4/8/2011 ലെതദ്ദേശസ്വയംഭരണ(ഡി.ഡി)വകുപ്പിന്റെനം.40439/ഡി.ഡി.3/11ത.സ്വ.ഭ.വ ഉത്തരവിൽ കൺസ്യൂമർഫെഡിന്റെ മെഗാ സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിന് SGSYകെട്ടിടത്തിലെ 14 മുറികൾ (മേൽ സൂചിപ്പിച്ച 6 മുറികൾ ഉൾപ്പെടെ) 2 വർഷക്കാലത്തേക്ക് വാടക ഇല്ലാതെ കൺസ്യൂമർഫെഡിന് വിട്ടുനൽകുവാനും അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത കാലാവധി 1-9-2013 ൽ അവസാനിക്കുകയും ഗ്രാമവികസന കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 3/9/2013 തീയതിയിലെ തദ്ദേശസ്വയംഭരണ(ഡി.ഡി)വകുപ്പിന്റെ നം.54978/ഡി.ഡി.3/13ത.സ്വ.ഭ.വ ഉത്തരവിൽ 2/9/2013 മുതൽ രണ്ട് വർഷക്കാലത്തേയ്ക്ക് SGSYകെട്ടിടത്തിലെ 14 മുറികൾ ത്രിവേണി സൂപ്പർ മാർക്കറ്റ്പ്രവർത്തിപ്പിക്കുന്നതിന് കൺസ്യൂമർഫെഡിന് താൽക്കാലികമായി വിട്ടുനൽകാൻ വീണ്ടും അനുമതി നൽകിയിട്ടുമുണ്ട്. ത്രിവേണി സൂപ്പർമാർക്കറ്റിന്റെ വാടകരഹിതമായി പ്രവർത്തിക്കുന്നതിനുള്ള കാലാവധി 1-9-2015 ൽ അവസാനിച്ചെങ്കിലും തുടർന്നും വാടകരഹിതമായി പ്രവർത്തിക്കുന്നതിന് സർക്കാരിൽനിന്നും അനുമതി വാങ്ങിയിരുന്നില്ല. പിന്നീട് ഗ്രാമവികസന കമ്മീഷണർ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അതിൻപ്രകാരം പുറപ്പെടുവിച്ച സ.ഉ.(സാധാ) നം. 587/2021 ത.സ്വ.ഭ.വ തീയതി. 25/2/2021 ഉത്തരവിൽ ത്രിവേണി സൂപ്പർ മാർക്കറ്റിന് നല്കിയ 8 കടമുറികൾ വാടക രഹിതമായി പ്രവർത്തിച്ച 1-9-2015 മുതൽ 20/11/2019 വരെയുള്ള കാലയളവ് ക്രമീകരിച്ച് നല്കുകയും പ്രസ്തുത 8 കടമുറികൾക്ക് 21/11/2019 മുതൽ വാടക ഈടാക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതും 9/12/2019 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരമുള്ള വാടകയായ 13548/- രൂപ (നികുതികൾ ഒഴികെ) 21/11/2019 മുതൽ പിഴ സഹിതം ഈടാക്കേണ്ടതും ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-22 മെറിറ്റോറിയസ് സ്കോളർഷിപ്പ് -മെറിറ്റിൽ പ്രവേശനം ലഭിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ മെറിറ്റോറിയസ് സ്കോളർ ഷിപ്പ് പദ്ധതിയുടെ ഫയൽ പരിശോധനയിൽ സ്കോളർഷിപ്പിന് അർഹരായ താഴെ പറയുന്ന വിദ്യാർത്ഥികളുടെ അപേക്ഷയോടൊപ്പം മെറിറ്റിൽ പ്രവേശനം ലഭിച്ചതിന്റെ രേഖകൾ സമർപ്പിച്ചിട്ടില്ല.

| പേര് | പഠിക്കുന്ന സ്ഥാപനം |
|---|---|
| അനന്തുകൃഷ്ണ. പി . യു | കോളേജ് ഓഫ് ഡെന്റൽ സയൻസ്, പുഷ്പഗിരി |

| | |
|---|---|
| അപർണ്ണ .സി.ദാസ് | KMCT ആയുർവേദ മെഡിക്കൽ കോളേജ്, കോഴിക്കോട് |
| അമൽകുമാർ എം. എ | മാതാ കോളേജ് ഓഫ് ടെക്നോളജി എഞ്ചിനീയറിങ്ങ് ആന്റ് പോളിടെക്നിക് കോളേജ് |

ടി പദ്ധതിയിൽ സ്കോളർഷിപ്പിന് അർഹരാകുന്ന വിദ്യാർത്ഥികളുടെ പക്കൽ നിന്നും അപേക്ഷ, അനുബന്ധരേഖകൾ എന്നിവയോടൊപ്പം മെറിറ്റിൽ പ്രവേശനം നേടിയതാണെന്ന് തെളിയിക്കുന്ന രേഖകൾ കൂടി ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പി.എച്ച്.സി മാമ്പ്രയിലേയ്ക്ക് മരുന്നുവാങ്ങാൻ തുക നൽകിയതു സംബന്ധിച്ച്

കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പി.എച്ച്.സി മാമ്പ്ര യിലേയ്ക്ക് മരുന്നുവാങ്ങാൻ ജനറൽ പർപസ് ഫണ്ടിൽ നിന്നും താഴെപറയും വിധം തുക നൽകിയിട്ടുണ്ട്

| ക്രമ നം. | വൗച്ചർ നം./തീയതി | ചെക്ക് നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | 06/2020-21 /02.04.2020 | 6130382/02.04.2020 | പി.എച്ച്.സി ,മാമ്പ്ര-25000 |

മരുന്നുകൾ വാങ്ങിയതിന്റെ ബില്ലുകൾ,മറ്റ് രേഖകൾ എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറിയെ തുടർന്നും ബില്ലുകൾ ഹാജരാക്കിയിട്ടില്ല.ബില്ലുകൾ ലഭ്യമാക്കുന്നതുവരെ 25000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 പത്രപരസ്യത്തിന് തുക നൽകിയതുസംബന്ധിച്ച്

മാള ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷത്തിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ പരസ്യം നൽകിയതിന് താഴെപറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തീയതി | ചെക്ക് നമ്പർ | പത്രങ്ങൾക്ക് അനുവദിച്ച തുക |
|---|---|---|---|
| 1 | 21/2020-21 /03.06.2020 | 0087110/03.06.2020 | ദേശാഭിമാനി-7728 |
| 2 | 36/2020-21 /05.08.2020 | 00871125/05.08.2020 | വീക്ഷണം-12000 |

ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപെടുത്തുന്നു.

മാള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 01.06.2020 ലെ 709/19 നടപടിക്രമപ്രകാരം 13.08.2019ൽ മേലഡൂർ എച്ച്.എച്ച്.എസ് .ടോയ്‌ലറ്റ് നിർമ്മാണം എന്ന പദ്ധതിയുടെ ടെണ്ടർ പരസ്യത്തിന് 13.08.2019ലെ 1768471നമ്പർ ചെക്ക് എൻക്യാഷ് ചെയ്യാത്തതിനാലാണ് മേൽപ്പറഞ്ഞ ക്രമനമ്പർ 1പ്രകാരമുള്ള ചെക്ക് ദേശാഭിമാനിയ്ക്ക് വീണ്ടും നൽകിയത്. ആദ്യം നൽകിയ ചെക്ക് ക്യാൻസൽ ചെയ്തത് തുക വരവ് വെച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.ദേശാഭിമാനിപത്രത്തിൽ നിന്നുള്ള ബില്ല് ഫയലിൽ ലഭ്യമല്ല.

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളും വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ബില്ലിന്റെ അഭാവത്തിൽ ദേശാഭിമാനിയുടെ ബില്ലിൽ ഡിസ്കൗണ്ട് ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ബില്ല് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .ക്രമനമ്പർ 2 പ്രകാരം വീക്ഷണത്തിന് നൽകിയ തുകയുടെ ബില്ലിൽ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്ന് ക്രമീകരിക്കുന്നതിനോ നടപടികൾ ഉണ്ടാവേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 1-25 വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-അപാകതകൾ

പ്രോജക്റ്റ് നമ്പർ : 91/21 (SO)

പ്രോജക്റ്റിന്റെ പേര് : ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി

മുഖ്യമേഖല : ഉല്പാദനം

അടങ്കൽ തുക : 200000/- (എസ്. സി. പി)

ചെലവ് തുക : 200000/-
വൌച്ചർ നം-22000216/12.04.2020

മേൽ പദ്ധതിയിൽ മാള ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ദീപം ടെയ് ലറിങ്ങ് ഗ്രൂപ്പിന് കാനറ ബാങ്കിൽനിന്നും 250000/-രൂപ ലോൺ അനുവദിക്കുകയും BRN NO : 20230663003600020700/ 11-4-2020 പ്രകാരം ബാക്ക് എൻഡഡ് സബ്സിഡിയായി 200000/- രൂപ കാനറ ബാങ്ക് A/c No:209272431 ലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ദീപം ടെയ് ലറിങ്ങ് ഗ്രൂപ്പിലെ അംഗങ്ങളായ ഗീത ഷാജി, സന്ധ്യ കുമാരൻ , നിഷ മനോജ് , നിഷ എം.എസ്, രാഖി പ്രസാദ് എന്നിവരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് ,ഗ്രൂപ്പ് രൂപീകരിച്ച് ആറ് മാസം കഴിഞ്ഞതിന് ശേഷം ഗ്രേഡിങ്ങ് നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ : 10, തീയതി : 12/04/2022) മറുപടി ലഭ്യമായില്ല. മേൽസൂചിപ്പിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ദീപം ടെയ് ലറിങ്ങ് ഗ്രൂപ്പിന് കാനറ ബാങ്കിൽനിന്നും ലോൺ അനുവദിച്ച A/c No: 855573747 ന്റെ പാസ്ബുക്ക് പരിശോധിച്ചപ്പോൾ 25/2/2021 ന് അടവാക്കാനുള്ള ബാലൻസ് തുകയായി 190170.17 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് സബ്സിഡി തുകയ്ക്ക് ഉൾപ്പെടെ ഗ്രൂപ്പ് പലിശ അടവാക്കി വരുന്നു. ഇക്കാര്യം ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും സബ്സിഡി കിഴിച്ചുള്ള തുകയ്ക്കുമാത്രം പലിശ അടവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ പ്പെടാത്ത പദ്ധതി നടപ്പാക്കി

പ്രോജക്റ്റ് നമ്പർ : 91/21 (SO)

പ്രോജക്റ്റിന്റെ പേര് : ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി

മുഖ്യമേഖല : ഉല്പാദനം

അടങ്കൽ തുക : 200000/- (എസ്. സി. പി)

ചെലവ് തുക : 200000/-

സ. ഉ. കൈ.നം. 22/2018 ത.സ്വ.ഭ.വ , 14/2/2018 മാർഗ്ഗരേഖ, സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിങ്ങ് ഫണ്ടും പലിശ സബ്സിഡിയും വ്യവസ്ഥ (6) പ്രകാരം അഞ്ച് ലക്ഷം രൂപ വരെ അടങ്കലുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തും 5 മുതൽ 10 ലക്ഷം രൂപവരെ അടങ്കലുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തും 10 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കലുള്ള പദ്ധതികൾ ജില്ലാപഞ്ചായത്തും ആണ് നടപ്പിലാക്കേണ്ടത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അഞ്ച് ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള മേൽ സൂചിപ്പിച്ച പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ :12, തീയതി : 12/04/2022 ) പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് തെറ്റായി ജിഎസ് ടി നല്കി-18950 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 0/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("*(Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods ) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution")* .ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (iii) പ്രകാരം Water Management,Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു.താഴെ ചേർത്തിരിക്കുന്നതും Water Management,Watershed Development ൽ ഉൾപ്പെടുത്താവുന്നതുമായ പ്രോജക്റ്റുകളിൽ പഞ്ചായത്ത് സേവനത്തിനുള്ള തുകയാണ് (Work Contract , Composite Supply അല്ല) ചെലവ് ചെയ്തിരിക്കുന്നത് എന്ന് കാണുന്നു. പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരൻ ബില്ല് നല്കിയിരിക്കുന്നതെങ്കിലും 2.5% വീതം (ആകെ 5%) കേന്ദ്ര

ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നതായും ആ തുക പഞ്ചായത്ത് നല്കിയതായും കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| പ്രോജക്റ്റ് | അളവു പുസ്തക പ്രകാരമുള്ള പ്രവൃത്തി മൂല്യം | കേന്ദ്ര ജി എസ് ടി | സംസ്ഥാന ജി എസ് ടി | ആകെ ബിൽ തുക | അളവു പുസ്തക നമ്പർ, ചെയ്ത പ്രവൃത്തി | വൌച്ചർ നമ്പർ | തീയ്യതി | കരാർ ഏറ്റെടുത്തത് |
|---|---|---|---|---|---|---|---|---|
| 154/21 നങ്ങാരുകുളം ചെളി നീക്കം ചെയ്യൽ | 100842 | 2521 | 2521 | 105884 | (MB -8/20-21) പുല്ല് വെട്ടൽ,വെള്ളം ഒഴുക്കി കളയൽ,ചെളി നീക്കം ചെയ്യൽ | 22000750 | 29.3.21 | ശ്രീമതി .അഷീഷ കാസിം |
| 155/21 പട്ടുകുളം ചെളി ആഴം കൂട്ടി സംരക്ഷണം | 57758 | 1444 | 1444 | 60646 | (MB7/20-21) പുല്ല് വെട്ടൽ,വെള്ളം ഒഴുക്കി കളയൽ,ചെളി നീക്കം ചെയ്യൽ | 22000751 | 29.3.21 | ശ്രീമതി .അഷീഷ കാസിം |
| 156/21 മേക്കാട്ടുകുളം വൃത്തിയാക്കൽ | 129700 | 3242.5 | 3242.5 | 136186 | (MB 4/20-21) പുല്ല് വെട്ടൽ,വെള്ളം ഒഴുക്കി കളയൽ,ചെളി നീക്കം ചെയ്യൽ | 22000752 | 29.3.21 | ശ്രീമതി നൂർമി |
| 157/21 കെടാകുളം വൃത്തിയാക്കൽ | 90705 | 2267.5 | 2267.5 | 95240 | (MB 9/20-21) പുല്ല് വെട്ടൽ,വെള്ളം ഒഴുക്കി കളയൽ,ചെളി നീക്കം ചെയ്യൽ | 22000753 | 29.3.21 | ശ്രീമതി നൂർമി |
| ആകെ | | 9475 | 9475 | | | | | |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 15 തീ 13.4.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.തെറ്റായി കരാറുകാരന് ജി എസ് ടി ഇനത്തിൽ തുക നല്കിയോയെന്ന് പരിശോധിക്കേണ്ടതും അപ്രകാരം നല്കിയിട്ടുണ്ടെങ്കിൽ തുക കരാറുകാരൻ റിട്ടേണിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് തുക നല്കിയോയെന്ന് ഉറപ്പാക്കേണ്ടതുമാണ്.ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ കൂടുതലായി നല്കിയ ജിഎസ് ടി തുക 18950 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി.

22-9-2015ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/തസ്വഭവ, പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവർത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ജി എസ് ടി ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ്&പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 1-3-2019ല, 18/2019/fin സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്

എന്നാൽ 2020-21ൽ സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പ്രവർത്തികളിൽ ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ്തുകയുടെ 4% ആണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സൂപ്പർവിഷനുമായി നൽകിയിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം/പേര് | എസ്റ്റിമേറ്റ് തുക | 12% ജി എസ് ടി ഉൾപ്പെട്ടഎസ്റ്റിമേറ്റ് തുക | സൂപ്പർവിഷൻ ചാർജ് നൽകാവുന്നത് | സൂപ്പർവിഷൻ ചാർജ് നൽകിയത് | അധികം നൽകിയത് | ബിൽ നം, തിയതി , തുക | കൈപ്പറ്റിയ ആളുടെ പേര് |
|---|---|---|---|---|---|---|---|
| 81/20-21പൊരുന്നംകുന്ന്എസ് സി കമ്മ്യൂണിറ്റി ഹാൾ അഡീഷണൽ ഡൈനിംഗ്ഹാൾ വൈദ്യുതീകരണം | 127735 | 143063 | 5109 | 5722.5 | 613 | 45/29-3-21, 122421 | ഗോപിനാഥൻ.യു.ആർ |
| 82/20-21താഴേക്കാട് വനിതാവ്യവസായകേന്ദ്രം ഇലക്ട്രിഫിക്കേഷൻ | 82603 | 92515 | 3304 | 3700 | 396 | 44/29-3-21, 81433 | ഗോപിനാഥൻ.യു.ആർ |
| 84/20-21മാമ്പ്ര പി എച്ച് സി ലാബ് പാലിയേറ്റീവ് കെയർ റൂം വയറിംഗ് | 83289 | 93283 | 3331 | 3731 | 400 | 26/11-11-20, 80954 | വർഗീസ് പ്ലാശ്ശേരി |

സൂപ്പർവിഷൻചാർജ് ഇനത്തിൽ അധികം നൽകിയ,1409/രൂപ ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.23/13-4-22)

## 1-29 ഡയാലിസിസിന് ആരംഭിച്ച ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ അക്കൗണ്ടിൽ പ്ളാൻ ഫണ്ട് പിൻവലിച്ച് നിക്ഷേപിച്ചത് ചെലവഴിക്കാതെ അവശേഷിക്കുന്നു.

10.2.2020ന് ഡയാലിസിസ് സംബന്ധമായി ആരംഭിച്ച ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ അക്കൗണ്ടിന്റെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ച തുകകളിൽ 31.3.2021 ൽ 324886 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട് എന്ന് കാണുന്നു. ബിൽ സമ്പ്രദായം ആരംഭിച്ചതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ജി.ഒ(പി) നം.177/2006 /ഫിൻ തീ.12.4.2006 ഉത്തരവിലെ ഖ.6.1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്താൽ പ്ളാൻ ഫണ്ടിൽ നിന്ന് തുക പിൻ വലിക്കുവാൻ പാടില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ-19/13.4.2022)അപാകതക്ക് മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ഡയാലിസിസ് ചാർജ്ജ് (So) – മാർഗ്ഗരേഖക്ക് വിരുദ്ധമായി നടത്തി.

പദ്ധതി നമ്പർ-101/21

ഫണ്ട് -പ്ളാൻ ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥ-സൂപ്രണ്ട് സിഎച്ച്സി,മാള

വൗച്ചർ നമ്പർ- 22000222/15.4.20- 102050/-

വൗച്ചർ നമ്പർ- 22000258/18.5.20 -60220/-

മേൽ പദ്ധതിയിൽ ആകെ 162270/-രൂപയുടെ ചെലവ് രേഖകളിൽ ഡയാലിസിസ് യൂണിററിലെ സ്റ്റാഫിന് ശമ്പളം നൽകിയ ഇനത്തിലെ 134000രൂപയുടെ സബ് വൗച്ചറുകൾ മാത്രമാണ് ഉള്ളത് .പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം പ്ളാൻ ഫണ്ടിൽ നിന്ന് മേൽ ജീവനക്കാർക്ക് ശമ്പളം നൽകുന്നത് അനുവദനീയമല്ല. ബാലൻസ് തുകയുടെ ചെലവ് രേഖകളും ഫയലിൽ ഇല്ല.(ഓഡിറ്റ് എൻക്വയറി നമ്പർ-22/13.4.2022)അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 162270രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ഡയാലിസിസ് യൂണിറ്റ് പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ പൂർണ്ണമല്ല

പദ്ധതി നമ്പർ-40/21

ഫണ്ട് -പ്ളാൻ ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥ-സൂപ്രണ്ട് സിഎച്ച്സി,മാള

മേൽ പദ്ധതിയിൽ 10ബില്ലുകളിലായി 20 ലക്ഷം രൂപ പിൻവിച്ചുവെങ്കിലും ഓരോ ബില്ലിലും താഴെ പറയും പ്രകാരം ചെലവ് രേഖകൾ പൂർണ്ണമായും ഫയലിൽ ചേർത്തിട്ടില്ല.

| ക്രമനം | വൗച്ചർ നമ്പർ/തീയതി | പിൻവലിച്ച തുക | ചെലവ് രേഖകൾ ഹാജരാക്കിയത് |
|---|---|---|---|
| 1 | 22000257/18.5.20 | 38580 | 11211 |
| 2 | 22000250/11.6.20 | 193732 | 160879 |
| 3 | 22000240/8.6.20 | 227625 | 70297 |
| 4 | 22000231/10.8.20 | 201002 | 82820 |
| 5 | 22000316/14.9.20 | 215345 | 144720 |
| 6 | 22000505/12.10.20 | 280412 | 70314 |
| 7 | 22000517/9.11.20 | 155910 | 155910 |
| 8 | 22000552/6.6.20 | 415957 | 278200 |
| 9 | 22000618/8.2.21 | 243938 | 141050 |
| 10 | 22000701/19.2.21 | 27499 | 108 |
| | ആകെ | 2000000 | 1115509 |

മരുന്ന് വാങ്ങിയതിന്റെ രേഖകൾ മാത്രമാണ് കൃത്യമായി ഫയലിൽ ചേർത്തിട്ടുള്ളത്.ബാക്കി തുകയുടെ(2000000-1115509=884491)884491രൂപയുടെ വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.രേഖകൾ ഹാജരാക്കുന്നതു വരെ 884491രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 മരുന്ന് വാങ്ങൽ മുഴുവൻ മരുന്നും ലഭ്യമയിട്ടില്ല.

എ)പദ്ധതി നമ്പർ-34/21

നിർവ്വഹണ ഉദ്യോഗസ്ഥ-സൂപ്രണ്ട് സിഎച്ച്സി,മാള

ബി)പദ്ധതി നമ്പർ-3/21

മേൽ രണ്ട് പദ്ധതികളിലായി താഴെ ചേർക്കുന്ന പ്രൊഫോർമ്മ ഇൻവോയ്സുകൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക കൈമാറിയതിൽ മുഴുവൻ തുകക്കുള്ള മരുന്നുകളും ലഭ്യമാകാത്തതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രൊഫോർമ്മ ഇൻവോയ്സ് നമ്പർ | നൽകിയ തുക | മരുന്ന് ലഭിക്കാത്തത്(രൂപ) |
|---|---|---|
| PRF-706/27.5.20 | 100000 | 26626 |
| PRF-2364/15.9.20 | 900000 | 73794 |
| PRF-5851/2.3.21 | 197000 | 129101 |

മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി നിർദ്ദേശമില്ലാത്ത സാമഗ്രികൾ വാങ്ങി

പദ്ധതി നമ്പർ-3/21

നിർവ്വഹണ ഉദ്യോഗസ്ഥ-സൂപ്രണ്ട് സിഎച്ച്സി,മാള
വൌച്ചർ നം-22000544/6.01.2021-14700/-
വൌച്ചർ നം-22000620/8.02.2021-65754/-

സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ താഴെ പറയുന്ന വാങ്ങലുകൾ പാലിയേറ്റീവിനായി നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് നിർദ്ദേശം ഇല്ലാത്തതാണ്.വിശദാംശം താഴെ ചേർക്കുന്നു.

1.ഫിസിയോതെറാപ്പി യൂണിററിലേക്ക് ഫാൻ-1300രൂപ

2.,, ,, ഫ്രിഡ്ജ്-43900രൂപ

3.,, ,, കർട്ടൻ-2680രൂപ

4.പൈപ്പ് ശരിയാക്കുന്നതിന് സാധനങ്ങൾ-1250രൂപ

5.പൈപ്പ് ശരിയാക്കുന്നതിന് കൂലി -4179രൂപ

6.ഇലക്ട്രിക് സാധനങ്ങൾ-1450രൂപ
7.സ്റ്റീൽ റാക്ക്-14700/-

കണ്ടിജന്റ് ചെലവുകൾ ഉൾപ്പെടെ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയിട്ടുണ്ട്.ഫിസിയോതെറാപ്പി യൂണിററ് എല്ലാ

വിഭാഗം രോഗികളും ഉപയോഗപ്പെടുത്തുന്നതാണ്.പാലിയേററീവിന് മാത്രം ഉള്ളതല്ല.ആയതിനാൽ പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പ്രകാരം ചെലവുകൾ നടത്തിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-34 ടെണ്ടർ ഫീസ് ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ അക്കൗണ്ടിലേക്ക് അടവാക്കി

പദ്ധതി നമ്പർ-3/21

നിർവ്വഹണ ഉദ്യോഗസ്ഥ-സൂപ്രണ്ട് സിഎച്ച്സി,മാള

സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതിക്കായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ 2 സ്ഥാപനങ്ങൾ 226രൂ നിരക്കിൽ ടെണ്ടർ ഫീ അടവാക്കിയത് ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ അക്കൗണ്ടിലേക്കാണ്.മേൽ തുക(452 രൂ) ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

### 1-35 ഡയാലിസിസ് യൂണിറ്റ് പദ്ധതികൾ -മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ,മാളയിലെ ഡയാലിസിസ് യൂണിറ്റിന്റെ നടത്തിപ്പ് 3.10.2019 തീയതിയിലെ ബ്ളോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 1(2) തീരുമാന പ്രകാരം ആശുപത്രി മാനേജിങ്ങ് കമ്മറ്റിയെ ഏൽപ്പിച്ചു.2020-21ൽ 64/20,65/20 എന്നീ പദ്ധതികളിലായി ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ കീഴിൽ ഉള്ള ഡയാലിസിസ് യൂണിറ്റിന്റെ ചെലവിലേക്കായി താഴെ ചേർക്കുന്ന പ്രകാരം തുക നൽകിയിട്ടുണ്ട്.വിശദാംശം താഴെ ചേർക്കുന്നു.

101/21-162270/-(so)

102/21-244192/-(so)

40/21-2000000/-new

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷ പദ്ധതിക്കായുള്ള ഉത്തരവ് (ജി.ഒ(എംഎസ്) നം.72/17/തസ്വഭവ തീയതി.29.3.17 ഖ.12.11.2(8) ൽ സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങൾക്ക് സഹായം നൽകുന്നതിന് നിർദ്ദേശം ഉണ്ടായിരുന്നു.എന്നാൽ തുടർന്നുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ഉത്തരവിൽ മേൽ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടില്ല.ആയതിനാൽ മരുന്ന് ,ഡയാലിസിസ് കിറ്റ് എന്നിവ വാങ്ങുന്നതിനും ജീവനക്കാരുടെ വേതനം ഉൾപ്പെടെയുള്ള ചെലവുകൾ നടത്തുന്നതിനും വേണ്ടി തയ്യാറാക്കി നടപ്പിലാക്കിയ മേൽ പദ്ധതികളുടെ നടത്തിപ്പിന് പ്രത്യേക സർക്കാർ അംഗീകാരം വാങ്ങേണ്ടതാണ്.

### 1-36 ട്രഷറി ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല.

വ്യവസായ വികസന ഓഫീസർ, സൂപ്രണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവരുടെ ട്രഷറി ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല. സാംഖ്യയിലെ വൌച്ചർ പ്രകാരമാണ് ചെലവ് പരിശോധിക്കാനായത്. രേഖകൾ ഓഡിറ്റിന് സമയബന്ധിതമായി ഹാജരാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി.

22-9-2015ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/തസ്വഭവ, പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവർത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ജി എസ് ടി ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ്&പബ്ലിക് വർക്ക്സ്-ബി) വകുപ്പിന്റെ 1-3-2019ല, 18/2019/fin സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്

എന്നാൽ 2020-21ൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവർത്തികളിൽ ജി എസ് ടി കൂടി ഉൾപ്പെട്ട

എസ്റ്റിമേറ്റ്തുകയുടെ 4% ആണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സൂപ്പർവിഷനമായി നൽകിയിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം/പേര് | എസ്റ്റിമേറ്റ് തുക | 12% ജി എസ് ടി ഉൾപ്പെട്ടഎസ്റ്റിമേറ്റ് തുക | സൂപ്പർവിഷൻ ചാർജ് നൽകാവുന്നത് | സൂപ്പർവിഷൻ ചാർജ് നൽകിയത് | അധികം നൽകിയത് | ബിൽ നം, തിയതി , തുക | കൈപ്പറ്റിയ ആളുടെ പേര് |
|---|---|---|---|---|---|---|---|
| 81/20-21പൊരുന്നംകുന്ന്എസ് സി കമ്മ്യൂണിറ്റി ഹാൾ അഡീഷണൽ ഡൈനിംഗ്ഹാൾ വൈദ്യുതീകരണം | 127735 | 143063 | 5109 | 5722.5 | 613 | 45/29-3-21, 122421 | ഗോപിനാഥൻ.യു.ആർ |
| 82/20-21താഴേക്കാട് വനിതാവ്യവസായകേന്ദ്രം ഇലക്ട്രിഫിക്കേഷൻ | 82603 | 92515 | 3304 | 3700 | 396 | 44/29-3-21, 81433 | ഗോപിനാഥൻ.യു.ആർ |
| 84/20-21മാമ്പ്ര പി എച്ച് സി ലാബ് പാലിയേറ്റീവ് കെയർ റൂം വയറിംഗ് | 83289 | 93283 | 3331 | 3731 | 400 | 26/11-11-20, 80954 | വർഗീസ് പ്ലാശ്ശേരി |

സൂപ്പർവിഷൻചാർജ് ഇനത്തിൽ അധികം നൽകിയ,1409/രൂപാ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.(ഓഡിറ്റ് എൻക്വയറി നം.23/13-4-22)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക കണക്ക പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് ലഭിച്ചതായി കാണുന്നുണ്ടെങ്കിലും ,ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഇത സംബന്ധിച്ച വിശദാംശംങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിന് തുകയൊന്നും മറ്റ് സ്ഥാപനങ്ങൾക്ക് നൽകിയില്ല എങ്കിലും പഴയ തുക ബാലൻസ് നിൽക്കുന്നതായി വാർഷിക കണക്കിൽ കാണുന്നുണ്ട്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

### 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെഅവസ്ഥ |
|---|---|---|---|---|---|
| 1995 -96മുതൽ 1997-98 വരെ | 24 | 2004-06 | 9 | പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പുനരുദ്ധാരണം കൂപ്പൺ പിരിവ് | 4-4-2022ൽ നടന്ന ഓഡിറ്റ് അദാലത്തിൽ മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 1995 | 38 | 2004-06 | 15 | മാള ആശുപത്രി | 4-4-2022ൽ നടന്ന |

| | | | | | |
|---|---|---|---|---|---|
| -96മുതൽ 1997-98 വരെ | | | | കെട്ടിചനിർമാണ പദ്ധതിയ്ക്ക് പണം വകമാറ്റിചെലവഴിച്ചതിനും പ്ലാൻഫണ്ടിൽ നിന്നും അധിക തുക കൊടുത്തതിനും അംഗീകാരം വാങ്ങാൻ ശ്രമിച്ചിട്ടില്ലെന്ന് മാത്രമല്ല ചെലവുകൾ സാധൂകരിക്കത്തക്ക വിധത്തിൽ രേഖകൾ എഴുതി സൂക്ഷിച്ചിട്ടില്ല. | ഓഡിറ്റ് അദാലത്തിൽ മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 1998-99 | 21 | 2004-05 | 21 | പ്രോജക്റ്റിന്റെ രൂപരേഖ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളൊന്നും തന്നെ പാലിക്കാതെ പദ്ധതിക്കാവശ്യമായ പണം അനവസരത്തിൽ കൈമാറ്റം ചെയ്തു. | 4-4-2022ൽ നടന്ന ഓഡിറ്റ് അദാലത്തിൽ മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 1995 -96മുതൽ 1997-98 വരെ | | | 22 | തിരുത്തിക്കുളങ്ങര എൽ.ഐ.എസ് | 4-4-2022ൽ നടന്ന ഓഡിറ്റ് അദാലത്തിൽ മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53475082 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54370952 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1409 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1090711 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-28 | 400 | | ശ്രീമതി.ജയ സുരേന്ദ്രൻ,സെക്രട്ടറി |
| 1-28 | 1009 | | ശ്രീ.നാസർ.പി.എച്ച്, സെക്രട്ടറി |
| | 1409 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 25000 | ശ്രീമതി സി.രമ്യ,സെക്രട്ടറി |

| | | |
|---|---|---|
| 1-27 | 18950 | ശ്രീമതി.സുജിന.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 162270 | ഡോ.ആശ.പി.എസ് ,മെഡിക്കൽ ഓഫീസർ സിഎച്ച്സി |
| 1-31 | 884491 | ഡോ.ആശ.പി.എസ് ,മെഡിക്കൽ ഓഫീസർ സിഎച്ച്സി |
| | 1090711 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സി.രമ്യ,സെക്രട്ടറി | സെക്രട്ടറി,ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് | രാമകൃഷ്ണനിലയം ,കാഞ്ഞവേലി,കൊല്ലം-691602 |
| ഡോ.ആശ.പി.എസ് ,സൂപ്രണ്ട്,സിഎച്ച്സി | സൂപ്രണ്ട്,സിഎച്ച്സി മാള | മാഞ്ഞൂരാൻവീട് ,മാള.പി.ഒ-680732 |
| ശ്രീ.നാസർ.പി.എച്ച്, സെക്രട്ടറി | ലഭ്യമല്ല | കളപ്പുര ഹൗസ്, എരമല്ലൂർ.പി.ഒ,കലമ്പൂർ, മൂവ്വാറ്റുപുഴ- 686673 |
| ശ്രീമതി.ജയ സുരേന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി,മാള ബ്ലോക്ക് പഞ്ചായത്ത് | അഞ്ജലി(H),കണ്ണമ്പുഴ ടെമ്പിൾ,ചാലക്കുടി.പി.ഒ.-680307 |
| ശ്രീമതി.സുജിന.കെ.വി,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,മാള ബ്ലോക്ക് പഞ്ചായത്ത് | കുവക്കാട്ടിൽ വീട് , അന്നനാട്.പി.ഒ -680309 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.ടി.13-407/99/9.7.97/3.8.99 |
| 98-99 | എൽ.എഫ്.ടി.13-273/01/18.5.01/6.8.01 |
| 99-2000 | എൽ.എഫ്.ടി.13-/276/01/18.5.01/6.8.01 |
| 2000-01 | എൽ.എഫ്.ടി.13-619/04/6.10.04/7.2.05 |
| 2001-02 | എൽ.എഫ്.ടി.13-90/06/30.06.06/4.10.06 |
| 2002-03 | എൽ.എഫ്.ടി.21-2424/07/24.2.09 |
| 2003-04 | എൽ.എഫ്.ടി.21-2425/07/24.2.09 |
| 2004-05 | എൽ.എഫ്.ടി.2426/07/24.2.09 |
| 2005-06 | എൽ.എഫ്.ടി.2427/07/24.2.09/8.6.09 |
| 2006-07 | എൽ.എഫ്.ടി.(ബിപി)1635/11/28.3.12 |
| 2007-08 | എൽ.എഫ്.ടി.(ബിപി)1636/11/28.3.12 |
| 2008-09 | എൽ.എഫ്.ടി.(ബിപി)1637/11/28.3.12 /27.6.12 |

| | |
|---|---|
| 2009-10, 2010-11 | എൽ.എഫ്.ടി.(ബിപി)1677/12/10.1.13 /12.4.13 |
| 2011-12 | എൽ.എഫ്.ടി.(ബിപി)1937/13/6.3.14 /8.3.14 |
| 2012-13 | എൽ.എഫ്.ടി.(ബിപി)1245/2014/10.10.14 /3.12.14 |
| 2013-14 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)1704/15/15.12.15/11.1.16 |
| 2014-15&2015-16 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)/605 /17/18.5.2017/29.5.2017 |
| 2016-17 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)/1736/2017,30.11.2017/11.01.2018 |
| 2017-18 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)139/19, 29/04/19 |
| 2018-19 | നം.കെ.എസ്.എ-ടി.എസ്.ആർ(BP2)38/2020 തീയതി :19-5-2020 |
| 2019-20 | നം.കെ.എസ്.എ-ടി.എസ്.ആർ(P8)606/2022 തീയതി 12.07.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്